# ശ്രീനാരായണഗുരുവിന്റെ ക്ഷേത്രദർശനം

**ശ്രീജ ജെ.എസ്.**

അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, കെ.കെ.ടി.എം. ഗവ. കോളേജ്, കൊടുങ്ങല്ലൂർ.

ശ്രീനാരായണഗുരുവിന്റെ ജീവിതവും ദർശനങ്ങളും ഇതിനകം തന്നെ നിരവധി വായനകൾക്കും പ്രതിവായനകൾക്കും വിധേയമായിട്ടുണ്ട്. എങ്കിലും ഇന്നും അദ്ദേഹത്തിന്റെ ചിന്തകളും കർമ്മങ്ങളും സമൂഹത്തോട് സംവദിച്ചുകൊണ്ടിരിക്കുന്നു. അന്ധവിശ്വാസജഡിലമായ പാരമ്പര്യങ്ങളിൽനിന്ന് ഏറെ മുന്നോട്ടുപോയ ആധുനിക കേരളത്തിന്റെ സൃഷ്ടികർത്താക്കളിൽ ഏറ്റവും മുമ്പിൽ നില്ക്കുന്ന ഗുരു അദ്വൈതം എന്ന മഹത്ദർശനത്തിന്റെ അനുകർത്താവായിരിക്കെത്തന്നെ സാധാരണക്കാരായ അനുയായികളുടെ ആത്മീയ ആവശ്യങ്ങളുടെ സാക്ഷാത്കാരത്തിനായി സഗുണോപാസനയുടെ വഴിയിലൂടെ സഞ്ചരിച്ചതിന്റെ ഫലമാണ് കേരളത്തിനകത്തും പുറത്തുമായി അദ്ദേഹം പ്രതിഷ്ഠിച്ചതോ പുനഃപ്രതിഷ്ഠിച്ചതോ ആയ അമ്പതോളം ക്ഷേത്രങ്ങൾ. ഒരുപക്ഷേ, ഗുരുവിന്റെ കർമ്മപദ്ധതികളിൽ ഏറ്റവും വിപ്ലവാത്മകവും ഇതുതന്നെയായിരുന്നു. സമകാലിക പശ്ചാത്തലത്തിൽ ഈ പ്രതിഷ്ഠാകർമ്മങ്ങളിലെ ഭക്തിയും രാഷ്ട്രീയവും അത് സൃഷ്ടിച്ച ദൂരവ്യാപകഫലങ്ങളും വിശകലനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി ഗുരുവിന്റെ ക്ഷേത്രദർശനത്തെ ഒരു പുനർവായനയ്ക്ക് വിധേയമാക്കുകയാണിവിടെ.

## അരുവിപ്പുറം മുതൽ കളവങ്കോടം വരെ

1888-ലെ അരുവിപ്പുറം ശിവപ്രതിഷ്ഠയോടുകൂടിയാണ് ഗുരുവിന്റെ വിഗ്രഹപ്രതിഷ്ഠാസംരംഭം ആരംഭിക്കുന്നത്. ക്ഷേത്രനിർമ്മാണം,

പ്രതിഷ്ഠാസങ്കല്പം, പൗരോഹിത്യം, വൈദിക-താന്ത്രിക വിധികൾ എന്നിവയെ സംബന്ധിച്ച നിലവിലെ നിയമങ്ങളെ അട്ടിമറിച്ചുകൊണ്ടുള്ള ഈ പ്രവർത്തനം അന്നത്തെ സാഹചര്യത്തിൽ ഒരു വിപ്ലവം തന്നെയായിരുന്നു. തുടർന്നങ്ങോട്ട് ശിവൻ, സുബ്രഹ്മണ്യൻ, ഗണപതി, അർദ്ധനാരീശ്വരൻ, ദേവി തുടങ്ങിയ ദൈവസങ്കല്പങ്ങളെ വിഗ്രഹങ്ങളായി ഗുരുവോ ഗുരുശിഷ്യന്മാരോ പലയിടങ്ങളിലായി പ്രതിഷ്ഠിച്ചു. ഇതിന്റെ അവസാന ഘട്ടത്തിൽ നടത്തിയ കാരമുക്ക് ശ്രീചിദംബരക്ഷേത്രം (ദീപം, 1921), മുരുക്കുംപുഴ കാളകണ്ഠേശ്വരം ക്ഷേത്രം (സത്യം, ധർമ്മം, ദയ, ശാന്തി എന്നെഴുതിയ പ്രഭ, 1921), വെച്ചൂർ ഉല്ലല ഓംകാരേശ്വരക്ഷേത്രം (കണ്ണാടി, 1927), കളവങ്കോടം അർദ്ധനാരീശ്വരക്ഷേത്രം (ഓംശാന്തി എന്നെഴുതിയ നിലക്കണ്ണാടി, 1927) എന്നിവിടങ്ങളിലെ പ്രതിഷ്ഠകൾ മറ്റുള്ളവയിൽനിന്നു വേറിട്ടുനില്ക്കുകയും പ്രതീകാത്മകതയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്നു. ഇതാണ് ഗുരുവിന്റെ പ്രതിഷ്ഠാകർമ്മങ്ങളുടെ രത്നചുരുക്കം.

### സിദ്ധാന്തവും പ്രയോഗവും

തന്റെ ക്ഷേത്രങ്ങളുടെ നടത്തിപ്പിനെക്കുറിച്ചും ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ചും ഗുരുവിന് വ്യക്തവും യുക്തിസഹവുമായ കാഴ്ചപ്പാടുണ്ടായിരുന്നു. സങ്കീർണ്ണമായ വൈദിക-താന്ത്രിക പൂജാ കർമ്മങ്ങളോ ഉത്സവത്തിന്റെ പേരിലുള്ള അനാവശ്യ ചെലവുകളോ പാടില്ല, ആനയും വെടിക്കെട്ടും പാടില്ല, വിശ്വാസികൾക്ക് ഒത്തുകൂടുന്നതിനും പ്രാർത്ഥനകൾക്കും പ്രസംഗങ്ങൾക്കും ഉള്ള സൗകര്യങ്ങൾ ഉണ്ടാകണം, ഉത്സവങ്ങൾ ജ്ഞാനോത്സവങ്ങളാകണം, അനുബന്ധമായി വ്യവസായങ്ങൾ, വിദ്യാലയങ്ങൾ, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ, എന്നിവ സ്ഥാപിക്കണം, നടവരവുകൾ പാവങ്ങൾക്ക് പ്രയോജനകരമാംവിധം വിനിയോഗിക്കണം, ചുറ്റും മരങ്ങൾ വച്ചുപിടിപ്പിക്കണം, ശുദ്ധവായു ലഭിക്കണം, വൃത്തിയുണ്ടാകണം, ജനങ്ങൾ കുളിച്ചു വൃത്തിയായി വരണം തുടങ്ങിയവയായിരുന്നു ഗുരുവിന്റെ ഇതുസംബന്ധമായ ആഗ്രഹങ്ങൾ. പ്രകൃതിരമണീയമായ സ്ഥലങ്ങളിൽ നിർമ്മിച്ച ആരാധനാലയങ്ങളിലൂടെ പരിസ്ഥിതിയുടെ ഗുണങ്ങൾ അദ്ദേഹം പ്രയോജനപ്പെടുത്തി. കുളിച്ച്, വൃത്തിയുള്ള വസ്ത്രം ധരിച്ച്, ശുദ്ധവായു ശ്വസിച്ച് ഈശ്വരനെ ഭജിക്കാൻ നിർദ്ദേശിക്കുമ്പോൾ ഭക്തിയെക്കാൾ ആരോഗ്യം ആയിരുന്നിരിക്കണം ഗുരുവിന്റെ ലക്ഷ്യം. ഒപ്പം വിശ്വാസവും ശുഭപ്രതീക്ഷയും മനുഷ്യന് നല്കുന്ന ധനാത്മക ഊർജ്ജവും അതു നൽകിയേക്കാവുന്ന ഗുണഫലങ്ങളും ഗുരു തിരിച്ചറിഞ്ഞിരുന്നു.

സഗുണോപാസന ഈശ്വരാരാധനയുടെ ഏറ്റവും താഴ്ന്നതലം മാത്രമായിരുന്നിട്ടും അദ്ദേഹം വിഗ്രഹാരാധനയ്ക്കും ബഹുദൈവാരാധനയ്ക്കും വഴങ്ങിയത് ഭക്തിക്കുവേണ്ടിയോ യുക്തിക്കുവേണ്ടിയോ എന്നതിലുമേറെ ഭക്തിയെ യുക്തിസഹമാക്കുന്നതിനുവേണ്ടിയായിരുന്നു എന്നുവേണം മനസ്സിലാക്കാൻ. ഈശ്വരാരാധനയെ ആത്മീയം എന്നതിനേക്കാൾ കൂടുതൽ രാഷ്ട്രീയം, സാമൂഹികം, മനശ്ശാസ്ത്രപരം എന്നീ നിലകളിലാണ് ഗുരു പ്രയോജനപ്പെടുത്തിയത്. അതുകൊണ്ടുതന്നെ ആദ്ധ്യാത്മിക വിമോചനം ലക്ഷ്യമാക്കിയുള്ള ഒരു അനശ്വര ദർശനമല്ല, മറിച്ച് കാലികപ്രസക്തി മാത്രമുള്ള ഒരു പ്രായോഗിക ദർശനമായിരുന്നു ഗുരുവിന്റെ ക്ഷേത്രപ്രതിഷ്ഠകളുടെ അടിത്തറ. അന്നത്തെ സാഹചര്യത്തിൽ വിപ്ലവകരമായ താല്ക്കാലിക വികസനം സാദ്ധ്യമാക്കിയെന്നതിൽ തർക്കമില്ലെങ്കിലും സുസ്ഥിരവികസനം എന്ന വിദൂരലക്ഷ്യം സാദ്ധ്യമാക്കാൻ കഴിയില്ല എന്ന പരിമിതി ഇതിനുണ്ട്. ഏറെക്കുറെ ഗുരുവും അതു തിരിച്ചറിഞ്ഞിരുന്നു എന്നതിന് തെളിവാണ് 'ഈ ആരാധനകളെല്ലാം ഒരിക്കൽ വേണ്ടാതെ വന്നേക്കാം. വിദ്വാന്മാർക്ക് ഇതു ഹിതമല്ലാതെ വരും. അവിദ്വാന്മാരും ഗതാനുഗതികന്യായേന വേണ്ടെന്നുവയ്ക്കും' (ശ്രീനാരായണഗുരു വിശ്വമാനവികതയുടെ പ്രവാചകൻ, പു.39-40) എന്ന ഗുരുവിന്റെ പരാമർശം. പക്ഷേ അവിദ്വാന്മാരായ അനുയായികൾ ഗതാനുഗതികന്യായേന അത് വേണ്ടെന്ന് വയ്ക്കുകയല്ല; പകരം സ്വന്തം സ്ഥാപിതതാല്പര്യങ്ങൾക്കായി ഉപയോഗിക്കുകയാണ് ചെയ്തത്.

സുസ്ഥിര വികസനത്തെക്കുറിച്ചുള്ള ഉത്തമബോദ്ധ്യം ഉണ്ടായിരിക്കെത്തന്നെ സാഹചര്യസമ്മർദ്ദത്താൽ താല്ക്കാലിക വികസനം മാത്രം ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കേണ്ടിവന്നത് ഗുരുവിൽ ആശയസംഘർഷം സൃഷ്ടിച്ചിട്ടുണ്ടാകണം. യുക്തിയും ഭക്തിയും തമ്മിലുണ്ടായ സംഘർഷവും ആശയക്കുഴപ്പം സൃഷ്ടിച്ചിട്ടുണ്ടാകാം. ഇതിന്റെ ഫലമായി പല ഘട്ടങ്ങളിൽ പല ദൈവങ്ങളിലൂടെയും പല വിഗ്രഹങ്ങളിലൂടെയും പല പ്രതീകങ്ങളിലൂടെയും മാറിമാറി കടന്നുപോകുന്ന ഗുരുവിന്റെ ക്ഷേത്രപ്രതിഷ്ഠകളിൽ ചില വൈരുദ്ധ്യങ്ങളും ചില സമാന്തരതകളും കടന്നുവരുന്നു. ഇത് ക്ഷേത്ര സംബന്ധിയായ ഗുരുവീക്ഷണത്തിൽ ഒരു സൈദ്ധാന്തിക അസ്ഥിരതയ്ക്ക് കാരണമായി. ക്ഷേത്രപ്രതിഷ്ഠകളെപ്രതി എക്കാലത്തും ഗുരു നേരിട്ട വിമർശനങ്ങൾക്ക് മുഖ്യകാരണമിതാണ്. പില്ക്കാലത്ത് ഗുരുധർമ്മത്തിൽ സംഭവിച്ച പ്രായോഗിക പാളിച്ചകൾക്കും (അനുയായികളുടെ സ്വാർത്ഥതാല്പര്യങ്ങൾക്കൊപ്പം) ഇതും ഒരു കാരണമായി.

അന്നത്തെ സാഹചര്യത്തിൽ സാധ്യമാക്കിയ ഗുണഫലങ്ങൾ അംഗീകരിക്കുമ്പോൾതന്നെ വിഗ്രഹാരാധനയെയും ബഹുദൈവാരാധനയെയും പ്രോത്സാഹിപ്പിച്ചു, പരിഷ്കരണങ്ങളുടെ പേരിൽ ചെയ്തത് ആര്യവൽക്കരണം തന്നെയായിരുന്നു എന്നിങ്ങനെ നിരവധി എതിർവാദങ്ങളും ഗുരുവിന്റെ ക്ഷേത്രദർശനത്തെക്കുറിച്ച് ഉണ്ടായിട്ടുണ്ട്. അവർണ്ണരുടെ ദൈവങ്ങളായ മാടൻ, മറുത, ചാമുണ്ഡി തുടങ്ങിയവയൊക്കെ ദുർദ്ദേവതകളായാണ് ഗുരു കണ്ടിരുന്നത്. മണക്കൽ ക്ഷേത്രം, കുളത്തൂർ കോലോത്തുംകര ക്ഷേത്രം, കളവങ്കോടം ക്ഷേത്രം തുടങ്ങിയ ഇടങ്ങളിൽ നിലവിലെ വിഗ്രഹങ്ങൾ മാറ്റിയാണ് ഗുരു പ്രതിഷ്ഠ നടത്തിയത്. മദ്യവും ഇറച്ചിയും മീനുമൊക്കെ ഉൾപ്പെടുന്ന അടിസ്ഥാനവർഗ്ഗത്തിന്റെ ആചാരവൈവിദ്ധ്യങ്ങളെ തിരസ്കരിക്കുകയും പകരം സാത്വിക ആചാര, ആഹാരരീതി നടപ്പിലാക്കുകയും ചെയ്യുന്നു. മദ്യവും ജന്തുബലിയും പോലുള്ള കാര്യങ്ങളിൽ ഗുരുവിന്റെ നയം ശരിയായിരുന്നു എങ്കിലും 'കാളനാകാമെങ്കിൽ കാളയുമാകാം' എന്ന് അദ്ധ്വാനസാക്ഷരത വാദിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ ഈ സസ്യഭക്ഷണ രാഷ്ട്രീയം പുനർവായന ആവശ്യപ്പെടുന്നു. കളമെഴുത്ത്, സർപ്പംപാട്ട്, സർപ്പംതുള്ളൽ, ഉുക്കം തുടങ്ങിയ ദ്രാവിഡാചാരങ്ങളെല്ലാം ഗുരു അനാചാരങ്ങളായിട്ടാണ് കണ്ടത്. പില്ക്കാലത്ത് വികസിച്ച നാടോടിവിജ്ഞാനീയം എന്ന വിജ്ഞാനശാഖയുടെ രീതിശാസ്ത്രം ഉപയോഗിച്ച് പരിശോധിച്ചാൽ ദേശീവൈവിദ്ധ്യങ്ങളുടെയും പ്രാദേശികസ്വത്വങ്ങളുടെയും വംശീയകലകളുടെയും പ്രസക്തി ഗുരു തിരിച്ചറിഞ്ഞിരുന്നില്ല എന്നുതന്നെ പറയേണ്ടിവരും. ആധുനിക ദളിത് പ്രത്യയശാസ്ത്രമനുസരിച്ചും സവർണ്ണ സൗന്ദര്യശാസ്ത്രം സൃഷ്ടിച്ച വരേണ്യ മാതൃകകളല്ല, പകരം സ്വന്തം അസ്തിത്വം സ്വയം അംഗീകരിച്ചും മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിച്ചും തനത് പശ്ചാത്തലത്തിൽ വേരുറപ്പിച്ചുകൊണ്ടുള്ള വളർച്ച എന്നതാണ് പാർശ്വവൽക്കരിക്കപ്പെട്ടവന്റെ വികസനസ്വപ്നം. ശിവഗിരിയിലെ ബ്രഹ്മവിദ്യാലയത്തിലെ പാഠ്യപദ്ധതിയിൽ ഗുരുദേവകൃതികൾ, ഉപനിഷത്തുകൾ, മതങ്ങൾ, ഭാഷകൾ, ശാസ്ത്രം എന്നിവയ്ക്കൊപ്പംതന്നെ വൈദിക, താന്ത്രിക പഠനവും ഉൾപ്പെടുത്തിയിട്ടുണ്ട്. അവിടത്തെ തന്ത്രവിദ്യാലയത്തിൽ പഠിച്ചിറങ്ങിയ നിരവധി ഈഴവർ ഇന്ന് കേരളത്തിൽ ധാരാളം ക്ഷേത്രങ്ങളിൽ പൗരോഹിത്യം നിർവ്വഹിക്കുന്നുമുണ്ട്. പക്ഷേ ഈഴവനെ വൈദിക-താന്ത്രിക വിദ്യകൾ പഠിപ്പിച്ച് ബ്രാഹ്മണ്യം നേടിയെടുക്കാനുള്ള ശ്രമം വർണ്ണവ്യവസ്ഥയോടുള്ള വെല്ലുവിളി എന്ന നിലയിൽ ആ പശ്ചാത്തലത്തിലെ മാത്രം ശരിയാണ്. അങ്ങനെ നോക്കുമ്പോൾ ആരാധനയുടെ

കാര്യത്തിൽ അനാചാരങ്ങൾ തിരസ്കരിക്കുമ്പോഴും അനുകരണങ്ങൾ ഒഴിവാക്കിയും സ്വത്വം നിലനിർത്തിക്കൊണ്ടും ഉള്ള ഒരു പുതുമാർഗ്ഗം അവർണ്ണന് നിർദ്ദേശിക്കാൻ കഴിഞ്ഞില്ല എന്നതും ഗുരുവിന്റെ ക്ഷേത്ര ദർശനത്തിന്റെ ഒരു പരിമിതിയാണ്.

ആരാധനയിലെ ലിംഗപക്ഷം

'ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്'

എന്ന് അരുവിപ്പുറം ക്ഷേത്രച്ചുവരിൽ എഴുതിവയ്പിക്കുമ്പോൾ അന്ന് (ഇന്നും) നിലവിലുള്ള ലിംഗപരമായ അസമത്വത്തെക്കുറിച്ച് ഗുരു ബോധവാനായിരുന്നോ എന്ന് സംശയമാണ്. ഭക്തർ എന്ന നിലയിൽ കാര്യമായ വിവേചനങ്ങൾ ഒന്നുമില്ലെങ്കിൽപോലും ഗുരു പ്രതിഷ്ഠിച്ച ക്ഷേത്രങ്ങളിലും നിർവ്വഹണങ്ങളുടെ കർതൃസ്ഥാനത്ത് സ്ത്രീയ്ക്ക് സ്ഥാനമില്ല. എല്ലായിടത്തും വൈദികവൃത്തി നടത്തുന്നത് പുരുഷന്മാർ തന്നെയാണ്. എല്ലാ അസമത്വങ്ങളും ഇല്ലാതാക്കാൻ വിഭാവനംചെയ്ത അരുവിപ്പുറത്തോ ശിവഗിരിയിലോ ആലുവ അദ്വൈതാശ്രമത്തിലോ കർതൃസ്ഥാനത്ത് ഒരു സ്ത്രീയെ അന്നും ഇന്നും സങ്കല്പിക്കാൻപോലും സമൂഹത്തിന് പ്രയാസമാകും. ശ്രീനാരായണ ധർമ്മസംഘം എന്ന സന്യാസി സംഘത്തിലോ ശിവഗിരിയിലെ ബ്രഹ്മവിദ്യാലയത്തിലോ ഇടക്കാലത്ത് പ്രവർത്തിച്ചിരുന്ന തന്ത്രവിദ്യാലയത്തിലോ സ്ത്രീകൾക്ക് പ്രവേശനമില്ല. ചുരുക്കത്തിൽ ശ്രീനാരായണഗുരു എന്ന ആത്മീയാചാര്യന്റെ ക്ഷേത്രദർശനം സ്ത്രീയുടെ ആത്മീയതയെ കാര്യമായി അഭിസംബോധന ചെയ്യുന്നില്ല.

ഗുരുമന്ദിരങ്ങളിൽനിന്നും ഗുരുക്ഷേത്രങ്ങളിലേക്ക്

സാധാരണ ക്ഷേത്രാചാരങ്ങളും മന്ത്രതന്ത്രാദികളും ഒക്കെ ഒഴിവാക്കി ശിവഗിരിയിൽ ശാരദ എന്ന ജ്ഞാനദേവതയെ പ്രതിഷ്ഠിക്കുമ്പോൾ ഗുരുവിന്റെ ലക്ഷ്യങ്ങൾ മഹത്തരങ്ങളായിരുന്നു. പക്ഷേ പില്ക്കാലത്ത് ഗുരു പ്രതിഷ്ഠിച്ച ക്ഷേത്രങ്ങളിൽപോലും വൈദിക താന്ത്രികാചാരങ്ങളും കരിയും കരിമരുന്നും സ്വർണ്ണക്കൊടിമരവും ബ്രാഹ്മണ പൗരോഹിത്യവും ഉൾപ്പെടെ നടപ്പിൽ വരികയാണുണ്ടായത്. ശ്രീനാരായണധർമ്മസംഘത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്നതൊഴികെയുള്ള മിക്കവാറും ക്ഷേത്രങ്ങളുടെ സ്ഥിതി ഇതുതന്നെ. 'ഇനി ക്ഷേത്രംപണിയരുത്'

(ശ്രീനാരായണഗുരു വിശ്വമാനവികതയുടെ പ്രവാചകൻ, പു. 43) എന്നായിരുന്നു ഗുരുവിന്റെ അവസാനകാല നിർദ്ദേശം. പക്ഷേ വിഗ്രഹഭഞ്ജകനായ ഗുരുവിനെത്തന്നെ വിഗ്രഹമാക്കി എന്നുള്ളതാണ് പിന്നീട് സംഭവിച്ച ഏറ്റവും വലിയ ദുരന്തം. ഈയിടെ കണ്ടുവരുന്ന മറ്റൊരു പ്രതിഭാസമാണ് 'ഗുരുമന്ദിര'ങ്ങളുടെ 'ഗുരുക്ഷേത്ര'ങ്ങളായിട്ടുള്ള പരിണാമം. ജാതിമതാതീതമായ സാമൂഹിക-സാംസ്കാരിക-വൈജ്ഞാനിക കേന്ദ്രങ്ങളായി ഗുരു വിഭാവനം ചെയ്ത പൊതു ഇടങ്ങളെല്ലാം അങ്ങനെ 'ക്ഷേത്രസംസ്കാര'ത്തിൽ കേന്ദ്രീകരിക്കപ്പെട്ടു. ഈ അധഃപതനത്തിൽ അനുയായികളുടെ പക്വതയില്ലായ്മയ്ക്കൊപ്പം ഗുരുവിന്റെ ക്ഷേത്രദർശനത്തിലെ പരിമിതികൾക്കും പങ്കുണ്ട്. ഹൈന്ദവതയുടെ ചട്ടക്കൂട്ടിൽനിന്നും പുറത്തുകടക്കാൻ ഗുരു ശ്രമിച്ചിരുന്നു എങ്കിലും അതിന് വിഘാതമായി നിന്ന മുഖ്യഘടകവും അദ്ദേഹത്തിന്റെ ഈ ക്ഷേത്രപ്രതിഷ്ഠകൾ തന്നെയായിരുന്നു.

ചുരുക്കത്തിൽ, പ്രത്യക്ഷത്തിൽ പുരോഗമനാത്മകമായിരുന്നു എങ്കിലും ഗുരുവിന്റെ ക്ഷേത്രദർശനത്തിൽ സൈദ്ധാന്തികമായ അസ്ഥിരത സൃഷ്ടിച്ച ഒരു അവ്യക്തതയുണ്ടായിരുന്നു. അനാചാരങ്ങളോടൊപ്പം ദ്രാവിഡന്റെ ആചാരവൈവിദ്ധ്യങ്ങളെയും അപ്പാടെ തിരസ്കരിച്ചപ്പോൾ പ്രാദേശിക സ്വത്വത്തെയും ദേശീവൈവിദ്ധ്യങ്ങളെയും കൂടിയാണ് അദ്ദേഹം തിരസ്കരിച്ചത്. ജാതിഭിന്നതകൾ ഒരുപരിധിവരെ ഇല്ലാതാക്കാനായെങ്കിലും ലിംഗസമത്വം എന്ന ആശയം ഗുരുവിന്റെ ക്ഷേത്രങ്ങളിലും നടപ്പിലാകുന്നില്ല. ആരാധനയ്ക്ക് വരേണ്യ മാതൃകകളിൽനിന്നു വ്യത്യസ്തവും അവർണ്ണസ്വത്വത്തെ നിഷേധിക്കാത്തതുമായ ഒരടിത്തറയിടാൻ അദ്ദേഹത്തിനായില്ല.അതുകൊണ്ടുതന്നെ ശ്രീനാരായണഗുരുവിന്റെ പ്രതിഷ്ഠാകർമ്മങ്ങൾ സൃഷ്ടിച്ച ദൂരവ്യാപക ഫലങ്ങൾ അത്ര ഗുണകരവുമല്ല.

## സഹായക ഗ്രന്ഥങ്ങൾ

1. ഉണിത്തിരി, എൻ.വി.പി. ഡോ., ശ്രീനാരായണഗുരു, സാഹിത്യപ്രവർത്തകസഹകരണസംഘം, 2000.
2. ഗുരു കുമാരനാശാന്റെ ദൃഷ്ടിയിൽ, ഡി.സി.ബുക്സ്, 1996.
3. ഗോപാലകൃഷ്ണൻ, പി.കെ., ശ്രീനാരായണഗുരു വിശ്വമാനവികതയുടെ പ്രവാചകൻ, പ്രഭാത് ബുക്സ്, 2014.
4. ഭാസ്കരൻ, ടി. ഡോ., മഹർഷി ശ്രീനാരായണഗുരു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.
5. സുകുമാർ അഴീക്കോട്, ഗുരുവിന്റെ ദുഃഖം, ലിപി പബ്ലിക്കേഷൻസ്, 2002.